പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 232 | 28.06.2016 ൽ മറുപടിയ്ക്ക് |
| **അങ്കണവാടി ജീവനക്കാർക്ക് വർദ്ധിപ്പിച്ച വേതനം നൽകാൻ നടപടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീമതി.കെ.കെ. ശൈലജ ടീച്ചർ (ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വർദ്ധിപ്പിച്ച, അങ്കണവാടി ജീവനക്കാർക്കുള്ള വേതനം യഥാസമയം ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത ജീവനക്കാർക്ക് വർദ്ധിപ്പിച്ച വേതനം ലഭ്യമാകാത്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി)& (സി)<br>അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വേതനം യഥാക്രമം 10000/- രൂപയും 7000/- രൂപയും ആയി വർദ്ധിപ്പിക്കുമ്പോൾ ഇതിലേയ്ക്കാവശ്യമായ നിലവിലുള്ള തുകയിൽ നിന്നും വർദ്ധിപ്പിച്ച തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ തനത് ഫണ്ട് ലഭ്യമല്ല എന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരും ജില്ലാ പ്ലാനിംഗ് ഓഫീസറും സാക്ഷ്യപ്പെടുത്തുന്ന സ്ഥിതിയിൽ വികസന ഫണ്ടിൽ നിന്നും നൽകണമെന്ന വ്യവസ്ഥയോടുകൂടി അങ്കണവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും വർദ്ധിപ്പിച്ച വേതനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |
| (സി) വർദ്ധിപ്പിച്ച വേതനം അങ്കണവാടി ജീവനക്കാർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ഫണ്ട് ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | |
| (ഡി) പ്രസ്തുത ജീവനക്കാർക്ക് നേരിട്ട് വേതനം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ഡി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.. |

സെക്ഷൻ ഓഫീസർ